**ALL INDIA RADIO THIRUVANANTHAPURAM**

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.02.2025**

## പ്രധാനവാർത്തകൾ

1. **മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാളെ ഉന്നതതല യോഗം ചേരും.**
2. **ഇന്ന് മഹാശിവരാത്രി. സംസ്ഥാനത്തെ ശിവക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്, പിതൃതർപ്പണത്തിനൊരുങ്ങി ആലുവ മണപ്പുറം.**
3. **64 കോടിയിൽപ്പരം ഭക്തജനങ്ങൾ സംഗമിച്ച പ്രയാഗ് രാജിലെ മഹാകുംഭമേളയ്ക്ക് ഇന്ന് പരിസമാപ്തി.**
4. **സംസ്ഥാനത്ത് കടുത്ത ചൂടിനെ തുടർന്ന് ഉഷ്ണതരംഗത്തിന് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം.**
5. **രഞ്ജി ട്രോഫി ക്രിക്കറ്റിൽ ചരിത്രം കുറിക്കാൻ കേരളം, ഫൈനലിൽ മികച്ച തുടക്കം, വിദർഭയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു.**

RNU TVPM

==========================================

## ഉന്നതതല യോഗം - മുഖ്യമന്ത്രി

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം നാളെ. ഉച്ചയ്ക്ക് 3.30 ന് സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആണ് യോഗം. വനം, ധനകാര്യം, തദ്ദേശ സ്വയംഭരണം, വൈദ്യുതി, റവന്യൂ, ആരോഗ്യം, ജലസേചനം വകുപ്പ് മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും. ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നഹിതരാകും.

********************************

## സിബിഎസ്ഇ

അടുത്ത അധ്യയന വർഷം മുതൽ പത്താം ക്ലാസിലേക്ക് രണ്ട് ബോർഡ് പരീക്ഷകൾ നടത്തുന്നതിനുള്ള കരട് നയത്തെക്കുറിച്ച് CBSE പ്രതികരണം തേടി. കരട് നയത്തിൽ, പത്താം ക്ലാസിലെ ബോർഡ് പരീക്ഷകൾ ആദ്യ ഘട്ടം ഫെബ്രുവരി മുതൽ മാർച്ച് വരെയും രണ്ടാം ഘട്ടം മെയ് മാസത്തിലും നടത്താനും സിബിഎസ്ഇ നിർദ്ദേശിച്ചു. അടുത്ത മാസം 9 ന് മുമ്പ് പ്രതികരണം സമർപ്പിക്കണം. ആദ്യഘട്ടത്തിലെ ഫലം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നവർ രണ്ടാം ഘട്ടം എഴുതിയാൽ മതിയാവും.

RNU TVPM

********************************

## ആശാ വർക്കർമാരുടെ സമരം

സംസ്ഥാനത്തെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന സമരം 17 ആം ദിവസത്തിലേക്ക് കടന്നു. ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുക ഉൾപ്പെടെയുള്ള ആവശ്യങ്ങൾ സർക്കാർ

അംഗീകരിക്കാതെ സമരത്തിൽ നിന്ന് പിന്നോട്ടില്ല എന്നാണ് ആശാ വർക്കർമാരുടെ നിലപാട്. ശശി തരൂർ എം പി, ആർ എസ് പി നേതാവ് ഷിബു ബേബി ജോൺ എന്നിവർ സമരത്തിന് പിന്തുണയുമായി ഇന്ന് എത്തുമെന്നാണ് സൂചന. അതിനിടെ പണിമുടക്കുന്ന ആശാ വർക്കർമാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കണമെന്ന് എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇന്നലെ നിർദേശം നൽകിയിരുന്നു.

********************************

## വെഞ്ഞാറമൂട്-കൂട്ടക്കൊല

വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസിലെ പ്രതി അഫാന്റെ മാതാവ് ഷെമിയുടെ ആരോഗ്യ നിലയിൽ പുരോഗതിയെന്ന് വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ. ഷെമി സംസാരിക്കാനാകുന്ന അവസ്ഥയിലാണെന്നും. ബന്ധുക്കളെ തിരിച്ചറിയുന്നുണ്ടെന്നും ഡോക്ടർ അറിയിച്ചു. അതേ സമയം കേസിൽ പോലീസ് അന്വേഷണം ഊർജിതമായി പുരോഗമിക്കുകയാണ്. ഇവരുടെ മൊഴിയെടുത്ത് സംഭവത്തിൽ കൂടുതൽ വ്യക്തത വരുത്താനാണ് പോലീസ് ഉദ്ദേശിക്കുന്നത്.

RNUTVM

********************************

## മഹാശിവരാത്രി

ഇന്ന് മഹാശിവരാത്രി. സംസ്ഥാനത്തെ ശിവക്ഷേത്രങ്ങളിലെല്ലാം വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഈ ദിവസം ഉറങ്ങാതിരിക്കുക, വ്രതം നോക്കുക എന്നിവ ശിവരാത്രിയുമായി ബന്ധപ്പെട്ട പ്രധാന അനുഷ്ഠാനങ്ങളാണ്. മഹാശിവരാത്രിയോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്രമോദിയും രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ

നേർന്നു. അതേസമയം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് രാവിലെ തളിപറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തി.

********************************

## ആലുവ-ശിവരാത്രി

ശിവരാത്രി ആഘോഷങ്ങൾക്ക് ആലുവ മണപ്പുറം ഒരുങ്ങി. 116 ബലിതറകളാണ് ശിവരാത്രിക്കായി ഇക്കുറി ഒരുക്കിയത്. വൈകിട്ട് മുതൽ ജനങ്ങൾ പിതൃ കർമ്മങ്ങൾക്കായി മണപ്പുറത്തേക്കെത്തും. രാത്രി 10 മണിയോടെ ശിവരാത്രി ബലിയും രാവിലെ 8.30 ഓടെ വാവുബലിയും നടക്കും. പെരിയാറിന് മറുകരയിലുള്ള അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. 1500-ഓളം പോലീസ് ഉദ്യോഗസ്ഥരെയാണ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ളത്. വൈകിട്ട് മുതൽ നാളെ ഉച്ച വരെ ആലുവ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയുടെ ഇന്നത്തെ സർവീസ് സമയം ദീർഘിപ്പിച്ചു. തൃപ്പൂണിത്തറയിൽ നിന്ന് രാത്രി പതിനൊന്നര മണി വരെ ആലുവയ്ക്ക് മെട്രോ സർവീസ് ഉണ്ടാകും. ആലുവയിൽ നിന്ന് തൃപ്പൂണിത്തറക്കുള്ള സർവീസ് രാവിലെ 4:30 ന് ആരംഭിക്കും.

RNU TVPM

********************************

## പടനിലം-കെട്ടുകാഴ്ച (ഇൻട്രോ)

ആലപ്പുഴ നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രത്തിലെ ശിവരാത്രി കെട്ടുകാഴ്ച ഇന്ന് നടക്കും. കരകളിൽ നിന്നുള്ള കെട്ടുകാഴ്ചകൾ ക്ഷേത്ര മൈതാനയിൽ വൈകിട്ട് 4 മണിയോടെ അണിനിരക്കും.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R .രവികുമാർ...**

(വോയിസ്)

*******************************

**കാസർഗോഡ്-മഹാശിവരാത്രി**

മഹാശിവരാത്രി ദിനത്തിൽ തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രം, നീലേശ്വരം തളിയിൽ ക്ഷേത്രം തുടങ്ങി കാസർഗോഡ് ജില്ലയിലെ പ്രമുഖ ശിവക്ഷേത്രങ്ങളിലെല്ലാം ഭക്തർക്ക് വ്രതം നോൽക്കുന്നതിനും പ്രാർത്ഥനയക്കും പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

*******************************

**അട്ടപ്പാടി ശിവരാത്രി ആഘോഷം**

ഗോത്ര വിഭാഗത്തിന്റെ പ്രധാന ഉത്സവമായ, മല്ലീശ്വര ക്ഷേത്രത്തിലെ ശിവരാത്രി ആഘോഷത്തിന്റെ നിറവിലാണ് പാലക്കാട്ടെ അട്ടപ്പാടി. ഉത്സവത്തോട് അനുബന്ധിച്ച് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ നാളെ പ്രാദേശിക അവധി നൽകിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

(വോയിസ്)

*******************************

**മഹാ കുംഭമേള**

മഹാ കുംഭമേള 2025 നു ഇന്ന് പ്രയാഗ്‌രാജിൽ സമാപനം. മഹാശിവരാത്രി ദിനത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്തർ സ്നാനനത്തിനായി എത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം 13 നു ആരംഭിച്ച മഹാ കുംഭമേളയിൽ 64

RNU TVPM

കോടിയിലേറെപ്പേരാണ് പങ്കെടുത്തത്. ഇന്ന് ഇതുവരെ മാത്രം 25 ലക്ഷത്തിലധികം പേർ പുണ്യസ്നാനം നടത്തി. ചടങ്ങുകളുടെ അവസാന ദിനമായ ഇന്ന് കർശന സുരക്ഷയാണ് അധികൃതർ ഒരുക്കിയിരിക്കുന്നത്.

********************************

## ഉഷ്ണ തരംഗ മുന്നറിയിപ്പ്

സംസ്ഥാനത്ത് കടുത്ത ചൂടിനെ തുടർന്ന് ഉഷ്ണതരംഗത്തിന് സാധ്യത. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ചിലയിടങ്ങളിൽ ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചു. സാധാരണയെക്കാൾ നാലു ഡിഗ്രി സെൽഷ്യസ് വരെ ചൂടു കൂടാനാണ് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

********************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കന്നി കിരീടം ലക്ഷ്യമിട്ട് കേരളം. നാഗ്പൂരിൽ ഇന്ന് രാവിലെ ആരംഭിച്ച ഫൈനലിൽ വിദർഭയാണ് കേരളത്തിന്റെ എതിരാളികൾ. ടോസ് നേടി ബൗളിംഗ് തിരഞ്ഞെടുത്ത കേരളം രണ്ടാമത്തെ ബോളിൽ തന്നെ വിദർഭയുടെ ആദ്യ വിക്കറ്റ് വീഴ്ത്തി. എം ഡി നിധീഷിനാണ് വിക്കറ്റ്. ഓപ്പണർ പാർത്ഥ് രേഖഡേയെ വിക്കറ്റിന് മുന്നിൽ കുരുക്കിയാണ് നിധീഷ് കേരളത്തിന് മോഹിപ്പിക്കുന്ന തുടക്കം നൽകിയത്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ വിദർഭ 3 വിക്കറ്റിന് 81 റൺസെന്ന നിലയിലാണ്.

RNU TVPM

********************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ടൂർണമെന്റിൽ ഇന്ന് മുബൈ ഇന്ത്യൻസ് യുപി വാരിയേഴ്സുമായി ഏറ്റുമുട്ടും. ബെംഗളുരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 ആണ് മത്സരം.

*******************************

## ഐഎസ്എൽ

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC -ഹൈദരാബാദ് FC പോരാട്ടം. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

*******************************

## തീരദേശ ഹർത്താൽ

കേരള സ്റ്റേറ്റ് ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റി ആഹ്വാനം ചെയ്ത 24 മണിക്കൂർ തീരദേശ ഹർത്താൽ ഇന്ന് അർധരാത്രി മുതൽ. നാളെ രാത്രി 12 വരെ സംസ്ഥാന വ്യാപകമായി മത്സ്യത്തൊഴിലാളികൾ കടലിൽ പോകില്ലെന്ന് സമരസമിതി അറിയിച്ചു.

*******************************

## സജി ചെറിയാൻ

ചേർത്തല മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ തീരദേശ റോഡുകളുടെ ഉദ്ഘാടനം ഇന്ന് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. വൈകുന്നേരം മൂന്ന് മണിക്ക് വയലാർ ഗ്രാമപഞ്ചായത്തിലെ കൊടിയനാട്ട് - പാട്ടച്ചിറ റോഡ് പരിസരത്ത് സംഘടിപ്പിക്കുന്ന പരിപാടിയിൽ മന്ത്രി പി പ്രസാദ് അധ്യക്ഷനാകും. സംസ്ഥാനത്തെ തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചേർത്തല നിയോജക മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകളാണ് മന്ത്രി നാടിനു സമർപ്പിക്കുക.

RNU TVPM

********************************

## ട്രംപ് - കുടിയേറ്റം രെജിസ്റ്ററി

നിയമവിരുദ്ധമായി അമേരിക്കയിൽ താമസിക്കുന്നവരുടെ രെജിസ്റ്ററി തയ്യാറാക്കുമെന്ന് ട്രംപ് ഭരണകൂടം. വിവരങ്ങൾ നൽകാൻ തയ്യാറാകാത്തവർക്ക് പിഴയോ നിയമ നടപടിയോ നേരിടേണ്ടിവരുമെന്ന് ഇമിഗ്രേഷൻ ഉദ്യോഗസ്ഥർ അറിയിച്ചു. 14 വയസു മുതലുള്ളവർക്ക് ഇത് ബാധകമാണ്. അമേരിക്കയിൽ അനധികൃതമായി കുടിയേറുന്നത് പിഴ, തടവ് അല്ലെങ്കിൽ രണ്ടും കൂടി ലഭിക്കാവുന്ന കുറ്റകൃത്യമാണെന്നും, പതിറ്റാണ്ടുകളായി, അവഗണിക്കപ്പെട്ടിരുന്ന ഈ നിയമം ഇനി ശക്തമായി നടപ്പാക്കുമെന്നും അധികൃതർ വ്യക്തമാക്കി.

********************************

## ആലപ്പുഴ-യാത്രാ നിരോധനം

RIU TVPM

ആലപ്പുഴ റെയിൽവെ സ്റ്റേഷൻ റോഡിലൂടെയുള്ള ഗതാഗതത്തിനു മറ്റന്നാൾ മുതൽ മാർച്ച് 10 വരെ നിരോധനം. അമൃത് ഭാരത് പദ്ധതി നവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി ബീച്ച് റോഡിൽ പ്രവേശനകവാടത്തിന്റെ നിർമ്മാണം നടക്കുന്നതിനാലാണിത്. ഈ കാലയളവിൽ റെയിൽവെ യാത്രക്കാരും വാഹനങ്ങളും ലെവൽ ക്രോസ് നമ്പർ 71 വഴി പോകണം. സ്റ്റേഷന് തെക്കേ ഭാഗത്ത് താൽക്കാലിക പ്രവേശന സൗകര്യവും ഒരുക്കിയിട്ടുണ്ട്.

********************************

## ബസ് ടെർമിനൽ-ഗണേഷ് കുമാർ

KSRTC ചങ്ങനാശ്ശേരിയിൽ നിർമ്മിക്കുന്ന പുതിയ ബസ് ടെർമിനൽ കോംപ്ലക്സ്ന്റെ നിർമ്മാണ ഉദ്ഘാടനം നാളെ വൈകുന്നേരം ഗതാഗത മന്ത്രി കെബി ഗണേഷ് കുമാർ

നിർവഹിക്കും. ജോബ് മൈക്കിൾ എംഎൽഎ അധ്യക്ഷത വഹിക്കും.

*******************************

വായന വസന്തം

ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ വീടുകളിൽ നേരിട്ടെത്തിച്ച് വിതരണം നടത്താനുള്ള പദ്ധതിക്ക് മാർച്ച് ഒന്നിന് കാസർഗോട്ട് തുടക്കമാകും. ലൈബ്രറി കൗൺസിലിന്റെ വായന വസന്തം പദ്ധതിയുടെ ഭാഗമായാണ് പരിപാടി. ഓരോ ഗ്രന്ഥാലയത്തിന്റെ പരിധിയിലും നൂറു വീടുകൾ കേന്ദ്രീകരിച്ചാകും പുസ്തക വിതരണം.

*

********************

***************************************

RNU TVPM